# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/BP-1089/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: KSA-ALP/BP-1089/2023 തീയ്യതി: 12/10/2023

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എസ്. വിജയകുമാർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 10-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 10-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ഷീബാരാകേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. മഞ്ജു.എം | സെക്രട്ടറി | 01-04-2022 | 30-04-2022 |
| ശ്രീ.ഗോപൻ ,എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2022 | 08-05-2022 |
| ശ്രീ.ജോസ് കുട്ടി മാത്യു | സെക്രട്ടറി | 09-05-2022 | 01-07-2022 |
| ഹമീദ് കുട്ടി ആശാൻ.സി.എച്ച് | സെക്രട്ടറി | 02-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റജിമോൾ | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2022 | 21-08-2022 |
| ഡോ.ജിൻസി.ജെ | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 01-04-2022 | 01-07-2022 |
| ഡോ.അനുപമ.വി.ജി | അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ | 01-07-2022 | 31-03-2023 |
| ശ്രീമതി.മിനി.ആർ | എസ്.സി.ഡി .ഒ | 01-04-2022 | 31-03-2023 |
| ഡോ.സീമ | അസി.ഡയറക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| അനിൽകുമാർ സി ജി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| സഞ്ജു.പി.നായർ | അസി.എക്സി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സബിത.വി.എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ജിത്തുരാജ് ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2022 | 26-10-2022 |
| ശ്രീമതി സ്മിത ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 18-11-2022 | 31-03-2023 |
| സന്തോഷ് കുമാർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 22-08-2022 | 31-03-2023 |
| ശ്രീ.ഷാരോൺ സുധാകരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 30-06-2022 |
| ശ്രീമതി ഷീജ എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-10-2022 | 17-11-2022 |
| ശ്രീമതി രേഖ | സിഡിപിഒ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തികവിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതിഅവലോകനം | 1-5 |
| 11 | തൊഴിലുറപ്പ്പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | ക്യാന്റീൻ വാടക 20,000/- രൂപ കുടിശ്ശിക | 1-10 |
| 16 | പരസ്യചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,093/-രൂപയുടെ അധിക ചെലവ് | 1-11 |
| 17 | വെർട്ടിക്കൽ കോആക്സിയൽ പമ്പ് സ്ഥാപിച്ചില്ല | 1-12 |
| 18 | വനിതാഹോസ്റ്റൽ നിർമ്മാണം - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-13 |
| 19 | എഞ്ചിനീയറിംഗ് വിഭാഗം-വാടകയ്ക്ക് എടുത്ത വാഹനങ്ങളുടെ ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-14 |
| 20 | പഞ്ചിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല | 1-15 |
| 21 | വജ്രജൂബിലി കലാകാരൻമാർക്ക് ഫെലോഷിപ്പ് - വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-16 |
| 22 | കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് മോട്ടോർ നൽകൽ -പൂർത്തീകരണ വിവരങ്ങൾ നൽകിയില്ല | 1-17 |

| | | |
|---|---|---|
| 23 | പുറക്കാട് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. നിർമ്മാണം -പദ്ധതി പൂർത്തിയായില്ല | 1-18 |
| 24 | സാമൂഹ്യസുരക്ഷാമിഷന് ബ്ലോക്ക് വിഹിതം -വിനിയോഗരേഖകൾ ഇല്ല | 1-19 |
| 25 | ഐകെഎം സാങ്കേതികസഹായം - വിനിയോഗ സാക്ഷ്യപത്രം ഇല്ല | 1-20 |
| 26 | നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടത്തി | 1-21 |
| 27 | എസ് സി പഠനമുറി -പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് | 1-22 |
| 28 | കരാർ പ്രവൃത്തികളിൽ മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് - സംസ്ഥാന സർക്കാരിന് 3,179/- രൂപ നഷ്ടം | 1-23 |
| 29 | ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-24 |
| 30 | ബോർഡ് സ്ഥാപിക്കാതെ തുക നൽകി | 1-25 |
| 31 | ഗുണ നിലവാരമില്ലാതെ റോഡ് നിർമ്മാണം നടത്തിയത് മൂലം റോഡ് പൊട്ടിപ്പൊളിഞ്ഞ നിലയിൽ | 1-26 |
| 32 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയില്ല | 1-27 |
| 33 | 12,39,000 - രൂപ ചെലവഴിച്ച് മെഷീൻ വാങ്ങിയിട്ടും അത് പ്രവർത്തനസജ്ജമാക്കിയിട്ടില്ല | 1-28 |
| 34 | WMM-അനുവദനീയമായ കനത്തിലും കൂട്ടുതലായി നിർവ്വഹിച്ചു-അധികം ചെലവ് 1,92,426/- രൂപ | 1-29 |
| 35 | എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിക്കുന്നത് മൂലം അധിക ചെലവ്- | 1-30 |
| ഭാഗം **2** | | |
| 1 | കാന്റീൻ വാടക 20,000/- രൂപ കുടിശ്ശിക | 2-1 |
| ഭാഗം **3** | | |
| 1 | പരസ്യചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,093/-രൂപ അധികം നൽകി | 3-1 |
| 2 | ബോർഡ് സ്ഥാപിക്കാതെ തുക നൽകി | 3-2 |
| 3 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയില്ല | 3-3 |
| 4 | WMM-അനുവദനീയമായ കനത്തിലും കൂട്ടുതലായി നിർവ്വഹിച്ചു-അധികം ചെലവ് 1,92,426/- രൂപ | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 17/05/2023ലെ 1(1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23/06/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

12.10.2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-1,535,905.00) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (69,926) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-4 ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കുവാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.
വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | B-4 പ്രകാരം ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക | B-17, RP-40(b) എന്നിവ പ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|
| സി.എഫ്.സി ഗ്രാന്റ് | 47,16,851/- | 71,87,511/- |

1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്തില്ല

ഗ്രാമസഭ,(ചെക്ക് നം.4647427/11.04.22 -13810/-,8443438/01.07.2022 - 98455/-), പ്രിന്റിംഗ് ചാർജ്ജ് (8382900/29.08.2022 - 30500/-) ചെലവുകൾ Advance To Implementing Officers എന്ന ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1(1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ്പ്രകാരം | 51,45,20,023 | 51,34,74,023 |
| വാർഷികകണക്ക്പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ | 5,44,72,456 | 5,07,99,233 |

| | | |
|---|---|---|
| സ്റ്റേറ്റ്മെന്റ് പ്രകാരം) | | |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,92,30,852 |
| വരവ് | 6,39,46,240 |
| ആകെ | 8,31,77,092 |
| ചെലവ് | 6,38,76,314 |
| നീക്കിയിരിപ്പ് | 1,93,00,778 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട്(ജനറൽ) | 0 | 2,81,58,000 | 2,81,58,000 | 2,49,99,171 | 31,58,829 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 54,33,000 | 54,33,000 | 48,19,116 | 6,13,884 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 1,17,000 | 1,17,000 | 1,04,000 | 13,000 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 62,53,000 | 62,53,000 | 35,41,247 | 27,11,753 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied ട്രഷറി | 0 | 2,33,279 | 2,33,279 | 28,373 | 2,04,976 (ലാപ്സായത്) |
| ബാങ്ക് | 395425 | 68,10,000 | 72,05,425 | 32,44,433 | 39,60,992 |

| | | | | | |
|---|---|---|---|---|---|
| Untied ട്രഷറി | 0 | 1,14,918 | 1,14,918 | 0 | 1,14,918 (ലാപ്സായത്) |
| ബാങ്ക് | 81109 | 47,09,737 (പലിശ-1,69,737) | 47,90,846 | 40,34,987 | 7,55,859 |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 88 | 7,98,22,858 | 65 | 4,71,46,126 | 5 | 18 | 73.86 |

## 1-6 തൊഴിലുറപ്പ്പദ്ധതി

തൊഴിലുറപ്പ്പദ്ധതി വരവ് ചെലവുകൾ വാർഷികകണക്കിലുൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2023 തീയതിയിൽ 03:00 P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരുപ്പില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)വൗച്ചറുകൾക്ക് നമ്പർ നൽകി സൂക്ഷിക്കുന്നില്ല.

2)വാടക രജിസ്റ്ററിൽ വാടകയുടെ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3)സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം ഘടകസ്ഥാപനങ്ങൾക്ക് നൽകുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണവിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ, ഓരോ ഇനത്തിലുമുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4)വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5)സ്ഥാപനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ യഥാസമയങ്ങളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തി ആയതു സംബന്ധിച്ച റിപ്പോർട്ടുകൾ ഹാജരാക്കുന്നില്ല.

6)ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ

യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ക്യാന്റീൻ വാടക 20,000/- രൂപ കുടിശ്ശിക

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ വനിതാക്യാന്റീൻ നടത്തുന്നത് നവധാര കുടുംബശ്രീയാണ്. ഇവരുമായി 08.08.22-ൽ ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം പ്രതിമാസം 5,000/-രൂപയാണ് വാടക നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഡിസംബർ വരെയുള്ള വാടക മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഡിസംബർ മുതൽ മാർച്ച് വരെയുള്ള വാടക കുടിശ്ശികയായ ഇരുപതിനായിരം രൂപ (5000x4=20000/- ) ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/8.03.23-ന് നൽകിയ മറുപടിയിൽ ഡിസംബർ മുതലുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-11 പരസ്യചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,093/-രൂപയുടെ അധിക ചെലവ്

2022-23 സാമ്പത്തിക വർഷങ്ങളിലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലായിരുന്നുവെങ്കിലും (8cmx3cm)=24 സർക്കാർ നിർദ്ദേശാനുസൃതമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ.(പി) നം.17 /2015/ പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മാതൃഭൂമി പത്രത്തിൽ 09.03.23 ന് നൽകിയ പരസ്യം ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തത്. ബ്ലോക്ക്പഞ്ചായത്ത് മേൽ പരസ്യത്തിന് ബില്ല് പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | പത്രത്തിന്റെ പേര് | പരസ്യത്തിന്റെ വലിപ്പം (സെന്റീ മീറ്റർ സ്ക്വയറിൽ) | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് | പ്രൊസീഡിംഗ്സ് നം. | ചെക്ക് നമ്പർ, തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 04.07.20 | മാതൃഭൂമി | 24sq Cm | 290 | 7308 (Sgst-2.5%= 174 Cgst2.5% 174) | 3x8=24cm @290 =6960/- 15% ഡിസ്കൗണ്ട് =1044 | 1093 | C.70/22 /29/03/23 | XY-6195690/ 29-03-23(7308) |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | 6960-1044= 5916<br>+5%ടാക്സ്<br>=6215 | | | |

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/07.08.23-ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 1,093/- രൂപ പത്ര സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-12 വെർട്ടിയ്ക്കൽ കോആക്സിയൽ പമ്പ് സ്ഥാപിച്ചില്ല

പ്രോജക്റ്റ് നം. – S0074/23

പ്രോജക്റ്റിന്റെ പേര് – വെർട്ടിയ്ക്കൽ കോ-ആക്സിയൽ ഫ്ളോ പമ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

ചെലവ്-3579000/-വികസന ഫണ്ട്

സി.ബി നം. 4/29-12-22 – 2889000

സി.ബി.നം. 7/28-03-23 - 6,90,000

വെർട്ടിയ്ക്കൽ ആക്സിയൽ ഫ്ളോ പമ്പ് താഴെചേർക്കുന്ന പാടശേഖരങ്ങൾക്ക് നൽകുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്റ്റ് നടപ്പാക്കിയത്.

| ക്രമ നം. | പാടശേഖരത്തിന്റെ പേര് | മോട്ടോറിന്റെ HP | നൽകിയ തുക |
|---|---|---|---|
| 1 | പുന്നപ്ര തെക്ക് പാടശേഖരം നെല്ലുൽപാദക സമിതി പുന്നപ്ര | 40 | 13,92,999.44 |
| 2 | ഗ്രേസിംഗ് ബ്ലോക്ക് പാടശേഖര നെല്ലുൽപാദക സമിതി പുറക്കാട് | 50 | 14,95,999.28 |
| 3 | അഞ്ഞൂറ്റും പാടശേഖര നെല്ല് ഉൽപ്പാദക സമിതി | 15 | 6,90,000 |

ഈ പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

A)ഗ്രേസിംഗ് ബ്ലോക്ക് പാടശേഖര നെല്ലുൽപാദകസമിതിയ്ക്കായി 14,95,999/- രൂപയും (14-09-22)

അഞ്ഞൂറ്റം പാടശേഖര നെല്ല് ഉൽപ്പാദക സമിതിയ്ക്കായി 6,90,000/-രൂപയും (28-03-23) മുൻകൂറായി നൽകിയിട്ടും വെർട്ടിയ്ക്കൽ ആക്സിയൽ പമ്പ് ഇത് വരെയും സ്ഥാപിച്ചിട്ടില്ല. പഴയ പെട്ടിയും പറയുമായുള്ള മോട്ടോർ ഷെഡ്ഡാണ് അവിടെ നിലവിലുള്ളത്. ചിത്രം ചുവടെ.



ടി പമ്പുകൾ ഏതൊക്കെ പാടശേഖരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും, അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/09.08.23-ന് മറുപടി ലഭ്യമാക്കിയില്ല. വെർട്ടിയ്ക്കൽ ആക്സിയൽ ഫ്ലോ പമ്പ് സ്ഥാപിയ്ക്കുന്നത് വരെയും ടി പദ്ധതിയ്ക്കായി ചെലവഴിച്ച 21,85,999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

B)ഒരു പ്രോജക്ടിലെ ഒരേ സ്വഭാവമുള്ള രണ്ട് പ്രവർത്തികൾക്ക് വേണ്ടി രണ്ട് പരസ്യം

ടി പദ്ധതിയ്ക്കായ് ഇ-ടെണ്ടർ ക്ഷണിയ്ക്കുകയും 4,712/-രൂപ മുടക്കി 07/12/22ലെ ദേശാഭിമാനി പത്രത്തിലും, 7,308 രൂപ മുടക്കി മാതൃഭൂമി പത്രത്തിലും പരസ്യം നൽകുകയും ചെയ്തിട്ടുള്ളതാണ്. 14/12/22 ൽ നടന്ന ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക 28,89,000 ക്വാട്ട് ചെയ്ത് റെയ്ഡ്കോ കേരള ലിമിറ്റഡ്,ആലപ്പുഴ എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി തുക (28,89,000/-) മേൽ ബിൽ നം.4 പ്രകാരം റെയ്ഡ്കോ കേരള എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (നം.3907888775) ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

15 HP യുടെ പമ്പിന് വേണ്ടി 4,712/-രൂപ മുടക്കി 09.03.23-ലെ ദേശാഭിമാനി പത്രത്തിലും, 7,308 രൂപ മുടക്കി മാതൃഭൂമി പത്രത്തിലും പരസ്യം നൽകുകയും 07.03.23-ൽ നടന്ന ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകുകയും 6,90,000 രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (നം.628576864)ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. ഒരു പ്രോജക്ടിലെ ഒരേ സ്വഭാവമുള്ള രണ്ട് പ്രവർത്തികൾക്ക് വേണ്ടി രണ്ട് പരസ്യം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ മേൽ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ചാപ്റ്റർ 3, ആർട്ടിക്കിൾ 40(b) (സ്റ്റാൻഡേർഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റി) (1) ചുവടെ ചേർക്കും പ്രകാരം അനുശാസിക്കുന്നു. “ The Expenditure Should Not Be Prima Facie More Than The Occasion Demands. Every Govt. Servant Is Expected To Exercise The Same Diligence And Care Inrespect Of All Expenditure From Public Moneys Under His Control As A Person Of Ordinary Prudence Would Exercise Inrespect Of The Expenditure Of His Own Money “ അതനുസരിച്ച് പൊതുപണം ചെലവഴിക്കുമ്പോൾ കാണിക്കേണ്ടുന്ന ജാഗ്രത ഈ പദ്ധതി നിർവ്വഹണത്തിൽ കാണിച്ചിട്ടില്ല. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ദീർഘവീക്ഷണത്തോടെ നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-13 വനിതാഹോസ്റ്റൽ നിർമ്മാണം - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.

പ്രോജക്ടിന്റെ പേര് -കില ട്രെയിനിംഗ് സെന്ററിലെ വനിതാഹോസ്റ്റൽ നിർമ്മാണം

പ്രോജക്ട് നം. – S0096/23

ഫണ്ട് -വികസനഫണ്ട്.

ചെലവ് 3,00,000/- ബിൽ നം. 29/22-23/24.11.22

കൊട്ടാരക്കരയിലെ കില ട്രെയിനിംഗ് സെന്റർ വനിതാഹോസ്റ്റൽ നിർമ്മാണത്തിനായി നൽകിയ 3,00,000/-രൂപയുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. വിനിയോഗരേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/08.08.2023) വിനിയോഗവിവരങ്ങൾ കില ട്രെയിനിംഗ് സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചു. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 എഞ്ചിനീയറിംഗ് വിഭാഗം-വാടകയ്ക്ക് എടുത്ത വാഹനങ്ങളുടെ ഉപയോഗം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ജി.ഒ.(എം.എസ്.)115/2022/ത.സ്വ.ഭ.വ /28.05.22 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആവശ്യത്തിനായി 2022-23 സാമ്പത്തിക വർഷം വാടകയ്ക്കെടുത്ത വാഹനങ്ങളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 2022-23 കാലയളവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വേണ്ടി വാഹനം വാടകയ്ക്ക് ഓടുന്നതിനായി ശ്രീ.സോമൻ നായർ, വാലുചിറ വീട്ടിൽ എന്നയാളുമായി (KL- 04-AA-9353) 07.01.23-ൽ കി.മി ന് 18 രൂപ നിരക്കിൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. സാമ്പത്തികവർഷം തീരാൻ 2 മാസം മാത്രം ബാക്കി നിൽക്കുമ്പോൾ മാത്രമാണ് ടി യാളുമായി എഗ്രിമെന്റിലേർപ്പെടുന്നത്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ തന്നെ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം ഉപയോഗിയ്ക്കാഞ്ഞത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ് (14.6.22 മുതൽ വാഹനം വാടകയ്ക്ക് എടുത്ത് ഓടുന്നുണ്ട്)

2) മേൽ ഉത്തരവ് പ്രകാരം 2000 കി.മി ഓടുന്നതിനുള്ള വാടക(ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെയുള്ള ആകെ തുക) രേഖപ്പെടുത്തിയുള്ള ക്വട്ടേഷനാണ് ക്ഷണിയ്ക്കേണ്ടത്. എന്നാൽ ഫയലിനൊപ്പം വാഹനം വാടകയ്ക്കെടുത്തത് സംബന്ധിച്ച ക്വട്ടേഷനുകളൊന്നും ഹാജരാക്കിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിയ്ക്കാനും മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയത് സൂക്ഷിച്ചിട്ടില്ല.

3) ഫയലിനൊപ്പം ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

പല ട്രിപ്പ് ഷീറ്റുകളിലും ട്രിപ്പ് ആരംഭിക്കുന്ന കി.മീ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ട്രിപ്പ് അവസാനിയ്ക്കുന്ന കി.മീ.രേഖപ്പെടുത്തുന്നില്ല(ഉദാ.ട്രിപ്പ് ഷീറ്റ് നം. 035/18.02.23,025/03.02.23). അത് പോലെ തന്നെ പല ട്രിപ്പ് ഷീറ്റുകളിലും വാഹനം ഓടിയ സ്ഥലങ്ങളും രേഖപ്പെടുത്തിയിട്ടില്ല(ഉദാ.ട്രിപ്പ് ഷീറ്റ് നം. 022/02.02.23, 047/04.03.23, 046/03.03.23)

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/08.08.23-ന് മറുപടി ലഭ്യമാക്കിയില്ല. വാഹനങ്ങൾ ഉപയോഗിയ്ക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തത് ശരിയായ നടപടിയല്ല. വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-15 പഞ്ചിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - നടപടിക്രമങ്ങൾ പൂർത്തിയാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.

പ്രോജക്ടിന്റെ പേര് – പഞ്ചിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

പ്രോജക്ട് നം. – S0118/23

ഫണ്ട് – തനത്ഫണ്ട്

ചെലവ് – 26877/- (ചെക്ക് നം. 619568/27.03.23)

13.01.2022-ലെ ജി.ഒ.(എം.എസ്.) നം.192/2020/പൊതുഭരണവകുപ്പ് ഉത്തരവ് അടിസ്ഥാനമാക്കി ഗ്രാമവികസനകമ്മീഷണർ പുറപ്പെടുവിച്ച സർക്കുലറിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെൽട്രോൺ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ 50% അഡ്വാൻസ് ആയും ഇൻസ്റ്റലേഷന് ശേഷം 40%, സ്പാർക്കുമായി ബന്ധിച്ച ശേഷം 10% എന്ന ക്രമത്തിലുമാണ് ഇതിനായി കെൽട്രോണിന് തുക നൽകേണ്ടത്. 53,754/- രൂപയുടെ എസ്റ്റിമേറ്റാണ് കെൽട്രോൺ തയ്യാറാക്കിയത്. ഇത് പ്രകാരമാണ് ബ്ലോക്ക്പഞ്ചായത്ത് 26,877/-രൂപ (53754 *50%) നൽകിയത്. പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.6/08.08.2023) മറുപടിയിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് കെൽട്രോൺ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. പ്രവർത്തനങ്ങൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 26,877/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 വജ്രജൂബിലി കലാകാരൻമാർക്ക് ഫെലോഷിപ്പ് - വിവരങ്ങൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

പ്രോജക്ടിന്റെ പേര് -നാടൻ കലാരൂപങ്ങളുടെ പരിശീലനത്തിന് വജ്രജൂബിലി കലാകാരൻമാർക്ക് ഫെലോഷിപ്പ്.

പ്രോജക്ട് നം. – S0052/23
ചെലവ് വിവരം-

| ഫണ്ട് | ബിൽ നം., തീയതി | തുക |
|---|---|---|
| വികസന ഫണ്ട് | 8/22-23/27.08.2022 | 67,500/- |
| | 37/22-23/31.12.2022 | 67,500/- |
| | 51/22-23/22.03.2023 | 65,000/- |
| തനത് ഫണ്ട് | ചെക്ക് നം.6195679/25.03.23 | 55,000/- |

പദ്ധതിയനുസരിച്ച് വിവിധ കലകളിലായി നാല് പേർക്കാണ് പ്രതിമാസം 7,500/-രൂപ വീതം ഫെലോഷിപ്പ് അനുവദിച്ചത്. ഏപ്രിൽ മുതൽ ജനുവരി വരെ (മെയ് ഒഴികെ) മൂന്ന് പേർക്കും ഫെബ്രുവരിയിൽ നാല് പേർക്കും മാർച്ചിൽ രണ്ടു പേർക്കും തുക അനുവദിച്ചിട്ടുണ്ട്. ഫെലോഷിപ്പ് കൈപ്പറ്റിയ കലാകാരൻമാരുടെ കലാപ്രവർത്തനം സംബന്ധിച്ച സാംസ്കാരിക വകുപ്പിന്റെ സാക്ഷ്യപത്രം, ആഗസ്റ്റ് മുതൽ മാർച്ച് വരെയുള്ള അവലോകന റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കലാപ്രവർത്തനങ്ങളിൽ ഇവർ സജീവമായി ഇടപെടുന്നുണ്ട് എന്ന തരംഗം ഗ്രന്ഥശാലാ &വായനശാല, പുറക്കാട്, ദേശസേവാസമിതി, കളർകോട് എന്നിവരുടെ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കലാകാരൻമാർ പരിശീലനം നടത്തിയ കേന്ദ്രങ്ങൾ, പഠിതാക്കളെ സംബന്ധിച്ച വിവരങ്ങൾ, ഏതൊക്കെ ദിവസങ്ങളിൽ പരിശീലനം നൽകി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. പഠിതാക്കളുടെ വിവരങ്ങൾ, പ്രവർത്തനം സംബന്ധിച്ച സാംസ്കാരികവകുപ്പിന്റെ ഏപ്രിൽ, ജൂൺ, ജൂലായ്

മാസങ്ങളിലെ അവലോകനറിപ്പോർട്ട് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/08.08.2023) മറുപടി നൽകിയില്ല. ഫെല്ലോഷിപ്പ് അനുവദിക്കുന്നതിനുള്ള ആധികാരിക രേഖ പഠിതാക്കളുടെ വിവരങ്ങളാണ് എന്നതിനാൽ സാക്ഷ്യപത്രങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ശരിയല്ല. പഠിതാക്കളുടെ വിവരങ്ങൾ ഉൾപ്പെടെ കലാപ്രവർത്തനം സംബന്ധിച്ച ആധികാരികരേഖകളുടെ അഭാവത്തിൽ 2,55,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-17 കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് മോട്ടോർ നൽകൽ -പൂർത്തീകരണ വിവരങ്ങൾ നൽകിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.
പ്രോജക്ടിന്റെ പേര് -കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് മോട്ടോർ നൽകൽ
പ്രോജക്ട് നം. – S0010/23
ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് – 92785/- (ബിൽ നം. 259/04.03.22)

കുടിവെള്ള പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് മോട്ടോർ നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 92,785/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്താണ് പ്രവൃത്തി നടത്തുന്നതെന്നും പഞ്ചായത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വിനിയോഗ രേഖകൾ ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന്(നം.5/08.08.2023) മറുപടി നൽകി. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 92,785/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 പുറക്കാട് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. നിർമ്മാണം -പദ്ധതി പൂർത്തിയായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.
പ്രോജക്ടിന്റെ പേര് – പുറക്കാട് ഗ്രാമപഞ്ചായത്തിൽ എം സി എഫ് നിർമ്മാണം (ബ്ലോക്ക് വിഹിതം)

പ്രോജക്ട് നം. – S0124/23
ഫണ്ട് – ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് 4,67,490/- (ബിൽ നം.297/21.03.23)

2,39,116/- (ബിൽ നം.312/27.03.23)

പുറക്കാട് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതം ആയി 7,06,606/-രൂപ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച് എം.സി.എഫ്. പ്രവർത്തനസജ്ജമാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/08.08.2023), 2023-24ലും പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടെന്നും നിലവിൽ നിർമ്മാണം പൂർത്തിയായിട്ടില്ല എന്നും അറിയിച്ചു. എം.സി.എഫ്. നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി മറുപടി നൽകേണ്ടതാണ്. പദ്ധതി പൂർത്തിയാകാത്തതിനാൽ 7,06,606/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19 സാമൂഹ്യസുരക്ഷാമിഷന് ബ്ലോക്ക് വിഹിതം -വിനിയോഗരേഖകൾ ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.
പ്രോജക്ടിന്റെ പേര് – സാമൂഹ്യസുരക്ഷാമിഷന് ബ്ലോക്ക് വിഹിതം

പ്രോജക്ട് നം. – S0041/23

ഫണ്ട് -വികസനഫണ്ട്.

ചെലവ് – 4,00,000/- ബിൽ നം. 6/22-23/27.08.22

സാമൂഹ്യസുരക്ഷാമിഷന് ബ്ലോക്ക് വിഹിതം ആയി നൽകിയ 3,00,000/-രൂപയുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. വിനിയോഗരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/08.08.2023) വിനിയോഗരേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗരേഖകളുടെ അഭാവത്തിൽ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 ഐകെഎം സാങ്കേതികസഹായം - വിനിയോഗ സാക്ഷ്യപത്രം ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.
പ്രോജക്ടിന്റെ പേര് – ഐകെഎം സാങ്കേതികസഹായം

പ്രോജക്ട് നം. – S0089/23

ഫണ്ട് – വികസനഫണ്ട്.

ചെലവ് 40,088/- ബിൽ നം. 7/22-23/27.08.22

ഐകെഎം സാങ്കേതികസഹായം ബ്ലോക്ക് വിഹിതം ആയി നൽകിയ 40,088/-രൂപയുടെ വിനിയോഗരേഖകൾ ഹാജരാക്കിയില്ല. വിനിയോഗരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/08.08.2023) വിനിയോഗരേഖകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗരേഖകളുടെ അഭാവത്തിൽ 40,088/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 നടപടിക്രമങ്ങൾ പാലിക്കാതെയുള്ള വാങ്ങൽ നടത്തി

ജി.ഒ.(പി) നം. 7/2019/എസ് പി ഡി തീയതി : 26.04.2019 ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/-രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. ചുവടെ ചേർക്കുന്ന രണ്ട് പ്രോജക്ടുകളിലും പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഉപകരണങ്ങൾ വാങ്ങിയത്.

1. ബ്ലോക്ക് പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും ഇൻവെർട്ടർ, യുപിഎസ് റിപ്പയർ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.
പ്രോജക്ട് നം. – S0125/23
ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

ചെലവ് – 43,000/- ബിൽ നം. 58/22-23/31.03.23
പദ്ധതിയുടെ ഭാഗമായി സൺ ടെക്നോളജീസ്, വണ്ടാനം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവെർട്ടർ, യുപിഎസ് എന്നിവ നേരിട്ട് വാങ്ങിയിരിക്കുകയാണ്. GEM മുഖേന അല്ലാതെ വാങ്ങൽ നടത്തിയതിന്റെ കാരണം, പദ്ധതിക്കായി ക്വട്ടേഷൻ വിളിച്ചതിന്റെയും അംഗീകരിച്ചതിന്റെയും രേഖകൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/08.08.2023) മറുപടി നൽകിയില്ല. യാതൊരു മാനദണ്ഡവും പാലിക്കാതെ ഉപകരണം നേരിട്ട് വാങ്ങിയതിന്റെ കാരണം വിശദീകരിക്കാത്തതിനാലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും 43,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. സിഡിപിഒ ഓഫീസിന്റെ ദൈനംദിന ചെലവുകൾ
നിർവ്വഹണ ഉദ്യോഗസ്ഥ – സിഡിപിഒ

പ്രോജക്ട് നം. – S0064/23
ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

മേൽ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചാണ് സിഡിപിഒ ഓഫീസിലേക്ക് 39,500/- (ബിൽ നം. 5/22-23/18.03.23)രൂപയ്ക്ക് ഇൻവെർട്ടർ വാങ്ങിയത്. വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നം.18/10.08.2023)മറുപടി നൽകിയില്ല.

1-22 എസ് സി പഠനമുറി -പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം. – S0035/23

ചെലവ് തുക -20,80,000 /-

സി.ബി നം. 09/22-23/19.12.22 50000

സി.ബി നം. 10/22-23/19.12.22 50000

സി.ബി നം. 11/22-23/24.12.22 50000

സി.ബി നം. 13/22-23/24.12.22 50000

സി.ബി നം. 14/22-23/6.1.22 200000

സി.ബി നം. 17/22-23/07.02.23 375000

സി.ബി നം. 18/22-23/24-23 75000

സി.ബി നം. 21/22-23/16.12.22 150000

സി.ബി നം. 22/22-23/15.03.23 400000

സി.ബി നം. 23/22-23/15.03.23 75000

സി.ബി നം. 27/22-23/31.03.23 55000

സി.ബി നം. 28/22-23/15.03.23 200000

സി.ബി നം. 29/22-23/28.03.22 125000

സി.ബി നം. 30/22-23/28.03.23 75000

സി.ബി നം. 31/22-23/29.03.23 150000

2022-23 വർഷം എസ്.സി.ഡി.ഒ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും താഴെചേർക്കുന്ന ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | പേര് മേൽവിലാസം, പഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | രാജേഷ് കുമാർ പി.<br>സ്വാമി നിവാസ്<br>സനാതനപുരം, പുന്നപ്ര വടക്ക് | 50000/22.12.22<br>75000/07.02.23 |
| 2 | ഷിജി എസ്. ബോബൻ<br>പുത്തൻകാട്ടിൽ<br>കരിമ്പാവളവ്<br>പുന്നപ്ര തെക്ക് | 50000/01.06.22 |

| | | |
|---|---|---|
| 3 | സന്ധ്യ എസ്.<br>സുരാജ് നിവാസ്<br>കരുമാടി പി.ഒ.<br>അമ്പലപ്പുഴ തെക്ക് | 50000/-04.01.22<br>75000/-03.03.23 |
| 4 | മനോജ് ജി.<br>പുതുവൽ നാലുചിറ<br>പുറക്കാട് ഗ്രാമപഞ്ചായത്ത് | 50000/15.03.23 |
| 5 | ആഗ്ന ഗോപാലൻ<br>നാഗപറമ്പ്<br>പുറക്കാട് ഗ്രാമപഞ്ചായത്ത് | 50000/15.03.23 |
| 6 | ശരൺലാൽ ആർ.<br>കാർത്തികഭവൻ<br>കാക്കാഴം പി.ഒ.<br>അമ്പലപ്പുഴവടക്ക് | 50000/-15.03.23<br>75000/- 16.05.23 |
| 7 | ശില്പമോൾ എസ്.<br>ഹരിജൻ കോളനി<br>നീർക്കുന്നം<br>അമ്പലപ്പുഴ വടക്ക് | 50000/15.03.23 |
| 8 | ലെനിൻ ദാസ്<br>കൊട്ടാപ്പിള്ളിച്ചിറ<br>സനാതനപുരം<br>പുന്നപ്ര വടക്ക് | 50000/- 15.03.23<br>50000/- 29.03.23 |
| 9 | രാജിതമോൾ സി.<br>മകരജ്യോതി<br>ഇല്ലിച്ചിറ പി.ഒ.<br>പുറക്കാട് ഗ്രാമപഞ്ചായത്ത്<br>കാര്യാലയം | 50000/-15.03.23 |
| 10 | സുനിതമോൾ എ.<br>കൃഷ്ണഭവൻ, ഇല്ലിച്ചിറ | 50000/- 15.03.23 |
| 11 | ജലജ ബി.<br>ചൂളപ്പറമ്പ്<br>പുന്നപ്ര, ആലപ്പുഴ | 50,000/-<br>28-03-23 |
| 12 | ജയചന്ദ്രൻ വൈപ്പിൽ ചിറപുറക്കാട്<br>പുറക്കാട് ഗ്രാമപഞ്ചായത്ത് | 50000/-28.03.23 |
| 13 | ഹരിലാൽ പി.റ്റി.<br>തുമ്പേത്തറ | 50000/-28.03.23 |

| | | |
|---|---|---|
| | സനാതനപുരം പി.ഒ.<br>പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | |
| 14 | സജേഷ് ബി.<br>പുത്തൻതറ<br>പുന്നപ്ര<br>പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് | 50000/-28.03.23<br>75000/-16.05.23 |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിയ്ക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/10.08.23) നൽകിയ മറുപടിയിൽ ഫണ്ടിന്റെ അഭാവത്തിലാണ് പണി പൂർത്തീകരിയ്ക്കാത്തതെന്നും ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് വിതരണം ചെയ്ത് പണി പൂർത്തീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-23 കരാർ പ്രവൃത്തികളിൽ മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് - സംസ്ഥാന സർക്കാരിന് 3,179/- രൂപ നഷ്ടം

പ്രോജക്റ്റ് നം. – S0074/23

പാടശേഖരസമിതികൾക്ക് വെർട്ടിയ്ക്കൽ ആക്സിയൽഫ്ലോ പമ്പ്

ചെലവ് തുക – 3579000/-

01.04.2018 മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) പട്ടികയിലെ ആർട്ടിക്കിൾ 5 (എഫ്) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1,000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ബ്ലോക്ക് പഞ്ചായത്തിൽ തൻ വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് വിശദവിവരം /കരാറുകാരൻ. | കരാർ തീയതി | കരാർ പ്രകാരമുള്ള തുക | ആവശ്യമായ സ്റ്റാമ്പ് പേപ്പർ മൂല്യം | ഉപയോഗിച്ച സ്റ്റാമ്പ് പേപ്പർ മൂല്യം | കുറവ് മൂല്യം. |
|---|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നം. S0074/22-23<br>പാടശേഖരസമിതികൾക്ക് വെർട്ടിയ്ക്കൽ ആക്സിയൽഫ്ളോ പമ്പ്/RAIDCO | 28.12.22 | 28,89,000 | 2889 | 200 | 2689 |
| 2 | പ്രോജക്റ്റ് നം. S0074/22-23<br>പാടശേഖരസമിതികൾക്ക് വെർട്ടിയ്ക്കൽ ആക്സിയൽഫ്ളോ പമ്പ്/RAIDCO | 25.03.23 | 690000 | 690 | 200 | 490 |
| | | | | | ആകെ | 3179 |

മേൽ രേഖപ്പെടുത്തിയ പ്രകാരം മുദ്രപത്ര വില കുറവായി ഈടാക്കിയതിന് മറുപടി ലഭ്യമാക്കാനും, കരാർ വ്യവസ്ഥകൾക്ക് മുദ്രപത്ര വില ഈടാക്കുന്നത് സംബന്ധിച്ച മേൽ സൂചിപ്പിച്ച നിയമത്തിൽ നിന്നും RAIDCO യെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/08.08.23-ന് മറുപടി ലഭ്യമാക്കിയില്ല. റെയിഡ്കോയിൽ നിന്നും കുറവ് വന്ന തുക ഈടാക്കി അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നു

2022-23 വർഷം വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ഉപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ അളവുപുസ്തകം/ പ്രോജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| 1 | ബോട്ട് കളം-പ്രീ-മെട്രിക് ഹോസ്റ്റൽ – പറത്തറ പറമ്പ് റോഡ്-W-6-അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് 22798/22, 13/23 | 5035/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 301/22-23,dt.22.3.23 483629/- |
| 2. | അസ്സീസ്സി റോഡ് ടാറിംഗ് –W-11,പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്. 23126/22, 02/23 | 5058/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 378/22-23,dt.29.3.23 648923/- |
| 3. | പമ്പ് ഹൌസ് – പഴയ നടക്കാവ് റോഡ് ടാറിംഗ് –W-6, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്. 14784/22, 04/23 | 3091/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 243/22-23,dt.07.2.23 559726/- |
| 4. | കാർഗിൽ ജംഗ്ഷൻ റോഡ് -W-11, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്. 3212/22, | 4215/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 362/22-23,dt.29.3.23 560946/- |

| | | | | |
|---|---|---|---|---|
| | 08/23 | | | |
| 5. | W-6, പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്- W-4- ചെന്നയ്ക്കൽ മഠം – അരിപ്പൂച്ചിറ റോഡ് ടാറിംഗ്. 4207/22 15/23 | 1967/- | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 260/22-23, Dt.21-02-23 |
| | ആകെ | 19366/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം ടാർ വീപ്പ വിറ്റ കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെയും, കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവൃത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തിയിട്ടുണ്ടോ എന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/08.08.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ട് ബി.ഡി.ഒ. ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ഒടുക്ക് വരുത്തി, വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ബോർഡ് സ്ഥാപിക്കാതെ തുക നൽകി

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ താഴെചേർക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 09.03.23-ന് ചുവടെ രേഖപ്പെടുത്തിയിട്ടുള്ള വർക്ക് സൈറ്റുകളിൽ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1. | അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്- W-16-അപ്പക്കാരന്റെ വീട് മുതൽ പള്ളിപ്പറമ്പിൽ ബാബുവിന്റെ വീടിന് കിഴക്കുവശം വരെ കാണ. പ്രോജക്ട് നം.S0085/23 | അളവുപുസ്തകം -28/21-22 ൽ പേജ് 22 ൽ ബോർഡ് സ്ഥാപിച്ചതായി കാണിച്ച് 3,025/- രൂപ മൂല്യം നിർണ്ണയിച്ച് തുക നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടു. (ബിൽ നം.- 30/22-23,dt.03.08.22.) |
| 2. | പുറക്കാട് പഞ്ചായത്ത്- W-16- തോപ്പിൽ പുരയിടം മുതൽ സ്മൃതിവനം വരെ കാണയും കവർ സ്ലാബും നിർമ്മാണം. | അളവുപുസ്തകം -4945/23 ൽ പേജ് 4 ൽ ബോർഡ് സ്ഥാപിച്ചതായി കാണിച്ച് 3,025/- രൂപ മൂല്യം നിർണ്ണയിച്ച് തുക നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് |

| | | |
|---|---|---|
| | പ്രോജക്ട് നം.S0116/23 | കണ്ടു.<br>(ബിൽ നം.- 350/22-23,dt.29.03.23.) |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/10.08.23) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ ബോർഡ് കരാറുകാരനെ കൊണ്ട് സൈറ്റിൽ സ്ഥാപിച്ച്, ഫോട്ടോ സഹിതം കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ചെയ്യാത്ത പ്രവൃത്തി അളവുപുസ്തകത്തിൽ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ച നൽകിയത് സംബന്ധിച്ച് നൽകിയിട്ടുള്ള ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈയിനത്തിൽ നടത്തിയ 6,050/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ബോർഡ് അടിയന്തരമായി സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-26 ഗുണ നിലവാരമില്ലാതെ റോഡ് നിർമ്മാണം നടത്തിയത് മൂലം റോഡ് പൊട്ടിപ്പൊളിഞ്ഞ നിലയിൽ

അമ്പലപ്പുഴ തെക്ക് പഞ്ചായത്ത്- W-6-ബോട്ട്കളം പ്രീ-മെട്രിക് ഹോസ്റ്റൽ, പറത്തറ പറമ്പ് റോഡ് – രണ്ടാം ഘട്ടം-



ചിത്രം -1

പൊട്ടിപ്പൊളിഞ്ഞ നിലയിലുള്ള റോഡ്



ചിത്രം -2

ബേം കോൺക്രീറ്റിംഗ് തകർന്ന നിലയിൽ

97 മീറ്റർ നീളത്തിലും, ശരാശരി 3.5 മീറ്റർ വീതിയിലും നിർമ്മിച്ചിട്ടുള്ള റോഡിന്റെ നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ 09.08.23-ന് സ്ഥല പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ, 03/23 ൽ നിർമ്മാണം പൂർത്തീകരിച്ച ഈ റോഡിന്റെ പല ഭാഗങ്ങളും ടാറിംഗ് ഇളകി പൊട്ടിപ്പൊളിഞ്ഞ നിലയിലാണെന്ന് കണ്ടു. ബേം കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ള ഭാഗങ്ങളിൽ കോൺക്രീറ്റിംഗ് നടത്തിയ ഭാഗം ടാറിംഗുമായി ചേരുന്ന ഭാഗവുമായി വേർപെട്ട് നിൽക്കുന്നതായും പരിശോധനയിൽ കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/10.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി റോഡ് അപാകതകൾ പരിഹരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാറുകാരനെതിരെ നടപടി സ്വീകരിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. പൊളിഞ്ഞ നിലയിലുള്ള റോഡിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

1-27 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയില്ല

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച താഴെചേർക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ കാണ നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയതിലൂടെ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ബില്ലിൽ നിന്നും മണ്ണിന്റെ വില കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവ് പുസ്തകം | കരാറുകാരൻ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ്. | വില ($M^3$ന് 400/- രൂപ നിരക്കിൽ) | ചെലവ് വിവരം (ബിൽ നം.) |
|---|---|---|---|---|---|
| 1. | പുറക്കാട് ഗ്രാമ പഞ്ചായത്ത്- W-16- തോപ്പിൽ പുരയിടം മുതൽ സ്മൃതി വനം വരെ ഓടയും സ്ലാബും നിർമ്മാണം. 4945/23 | സജി ജെ. | 15 $M^3$ | 6000/- | 350/22-23, 29.03.23, 4,95,000/-രൂപ |
| 2. | അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്- | സലിം.പി.എം. | 82.66 $M^3$ | 33064/- | 30/22-23, 03.08.22, 3,88,316/-രൂപ |

| | | | | | |
|---|---|---|---|---|---|
| | W-16-<br>അപ്പക്കൻ വീട്<br>മുതൽ<br>പള്ളിക്കൽ<br>ബാബുവിന്റെ<br>വീട് വരെ<br>കാന<br>നിർമ്മാണം.<br>28/21-22 | | | | |
| 3. | പുന്നപ്ര തെക്ക്<br>ഗ്രാമ<br>പഞ്ചായത്ത്-<br>ശ്രീദേവി<br>ഓഡിറ്റോറിയം<br>റോഡിന്<br>കാണ<br>നിർമ്മാണം-<br>21/21-22 | മുഹമ്മദ്<br>ഹസ്സൻ | 93.70 $M^3$ | 37480/- | 03/22-23,<br>21.06.22,<br>53,786/-രൂപ<br>(ഫൈനൽ<br>ബിൽ) |
| | | | ആകെ | 76544/- | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/08.08.23) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് കാണയുടെ സൈഡ് ഫില്ലിംഗിനും, ബാക്കി വന്നതിൽ കുറെ ഭാഗം തോടിന് ബണ്ട് പിടിപ്പിക്കുന്നതിനും, കാണയുടെ ഇരുവശങ്ങളിലുമുള്ള റോഡിന്റെ ഭാഗം ഉയർത്തുന്നതിനുമായി ഉപയോഗിച്ചുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുകളിൽ ക്രമ നം.1, 2 എന്നീ പ്രവൃത്തികളുടെ സൈറ്റ് ഓഡിറ്റിന്റെ ഭാഗമായി നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ, പുറക്കാട് ഗ്രാമ പഞ്ചായത്ത്-W-16-തോപ്പിൽ പുരയിടം മുതൽ സ്മൃതി വനം വരെ ഓടയും സ്ലാബും നിർമ്മാണം എന്ന പ്രവൃത്തിയിൽ നിർമ്മിച്ചിട്ടുള്ള കാണയുടെ ഇരുവശവും നിലവിൽ കോൺക്രീറ്റ് റോഡാണ്. ആയതിനാൽ തന്നെ തോടിന് ബണ്ട് പിടിപ്പിക്കുന്നതിന് ഉപയോഗിച്ചുവെന്നത് അംഗീകരിക്കാവുന്നതല്ല. അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്-W-16-അപ്പക്കൻ വീട് മുതൽ പള്ളിക്കൽ ബാബുവിന്റെ വീട് വരെ കാന നിർമ്മാണം എന്ന പ്രവൃത്തി സൈറ്റിൽ പോയി നേരിട്ട് പരിശോധിച്ചതിൽ, മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ നടുക്ക കൂടി കാണ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇരു വശവും വൻകുഴിയായിതന്നെ സ്ഥിതി ചെയ്യുകയാണ്. അതുകൊണ്ട് തന്നെ കുഴിച്ചെടുത്ത 82.66 $M^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ലായെന്നാണ് പരിശോധനയിൽ കാണുവാൻ കഴിഞ്ഞത്. അമിതജോലി ഭാരം മൂലം ഈ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞില്ലായെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല. മണ്ണിന്റെ വിലയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്ന 76,544/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-28 12,39,000 - രൂപ ചെലവഴിച്ച് മെഷീൻ വാങ്ങിയിട്ടും അത് പ്രവർത്തനസജ്ജമാക്കിയിട്ടില്ല

യു.എച്ച്.ടി.സി മെഡിക്കൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ അപാകതകൾ

പ്രോജക്ട് നം. – S0092/23

ബിൽ റിക്വസിഷൻ നം.200391030122OO98/30-03-23

ചെലവ് തുക – 12,39,000/-

ഇൻവോയിസ് നം. CO2223-030185/28-03-23

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ അമ്പലപ്പുഴ യു.എച്ച്.ടി.സി യിലേയ്ക്ക് മെഡിയ്ക്കൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം മെഡിയ്ക്കൽ ഉപകരണങ്ങൾ വാങ്ങാൻ ആകെ 15,93,487/- രൂപ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ FULLY AUTOMATED CHEMISTRY ANALYSER വാങ്ങാൻ മാത്രം 12,39,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡെലിവറി ചെലാൻ പ്രകാരം ടി മെഷീൻ 28.03.23-ൽ ഡെലിവറി ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോഴും പ്രവർത്തന സജ്ജമായിട്ടില്ല.



മെഷീൻ ലഭ്യമായിട്ട് 4 മാസം കഴിഞ്ഞിട്ടും അത് പ്രവർത്തനസജ്ജമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/11.08.2023) നൽകിയ മറുപടിയിൽ ടി ഉപകരണം പ്രവർത്തിയ്ക്കാൻ അനുകൂലമായ താപനില നിലനിർത്തേണ്ടത് ആവശ്യമാണെന്നും ആയതിനാലാണ് മെഷീൻ സ്ഥാപിയ്ക്കാഞ്ഞതെന്നും എസി സ്ഥാപിയ്ക്കാൻ 05.05.23-ൽ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കുമ്പോൾ തന്നെ ഇത്രയും വിലകൂടിയ മെഷീനുകൾക്ക് എസി ആവശ്യമാണോ അല്ലയോ എന്നുറപ്പാക്കി വേണമായിരുന്നു പ്രോജക്ട് നടപ്പാക്കാൻ. ടി മെഷീൻ വാങ്ങി വെച്ചിട്ട് 4 മാസം ആയിട്ടും ഉപയോഗിയ്ക്കാതിരിയ്ക്കുമ്പോൾ അതിന്റെ വാറന്റി പിരീഡിൽ കൂടെ നഷ്ടം ഉണ്ടാവുകയാണ് ചെയ്യുന്നത്. പൊതുജനങ്ങൾക്ക് ഉപകാരപ്പെടുവാൻ വേണ്ടി വാങ്ങുന്ന ഇതു പോലെയുള്ള മെഷീനുകൾ ഉപയോഗിയ്ക്കാതെ നശിച്ചു പോവുന്ന അവസ്ഥ ഉണ്ടാവരുത്. ഉപകരണം അടിയന്തരമായി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ബ്ലോക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്. മെഷീൻ പ്രവർത്തനസജ്ജമാക്കുന്നത് വരെയും ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 12,39,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 WMM-അനുവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-അധികം ചെലവ് 1,92,426/- രൂപ

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവൃത്തികളിൽ നിലവിലുള്ള മെറ്റലിംഗ് റോഡ് സ്കാരിഫൈയിംഗ് നടത്തി ലഭിച്ച മെറ്റലിന്റെ അളവ് കുറവ് ചെയ്യാതെ 15 Cm. കനത്തിൽ വീണ്ടും WMM ചെയ്തത് മൂലം അധികം ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.ബോട്ട് കളം-പ്രീ-മെട്രിക് ഹോസ്റ്റൽ – പറത്തറ പറമ്പ് റോഡ്-w-6- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് -

പ്രോജക്ട് നം. – S0013/23

കരാറുകാരൻ – സരുൺ റാവു

പിഎസി-409855/-

MB.No.-22798/22

ചെലവ് വിവരം –1) Rs-483629/-ബിൽ നം-301/22-23, Dt.22.03.23

മേൽ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവൃത്തിയിൽ 108 മീറ്റർ നീളത്തിലും 3.5 മീറ്റർ വീതിയിലും നിലവിലുള്ള WBM റോഡ് സ്കാരിഫൈ ചെയ്ത് മെറ്റലിംഗും ടാറിംഗും നടത്തുക എന്നതായിരുന്ന പദ്ധതി. അളവു പുസ്തകം പേജ് – 1 ഇനം 1 ആയി 378 $M^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് ഇനം 2 ആയി WMM എന്ന പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 0.15cm. കനത്തിൽ ആകെ 56.549 $M^3$ ചെയ്തിട്ടുണ്ട്. ആയതിന് $M^3$ന് 3425 നിരക്കിൽ 1,93,680/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ 10.08.16-ലെ No.DB-3/6512/ 2013/CE/LSGD സർക്കുലർ പ്രകാരം 75 Mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 75 Mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവൃത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 28.27$m^3$ മാത്രമാണ്.(56.549/ 2)$m^3$ന് 3425/$m^3$ രൂപ നിരക്കിൽ 28.27$m^3$ ന് അനുവദനീയമായ തുക = 28.27$m^3$ X 3425/$m^3$ = 96824/- രൂപ

അധികം നൽകിയത് = 193680 – 96824 = 96,856/-രൂപ

2.ബോട്ട് കളം-പ്രീ-മെട്രിക് ഹോസ്റ്റൽ – പറത്തറ പറമ്പ് റോഡ്-w-6- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് -

പ്രോജക്ട് നം. – S0013/23

കരാറുകാരൻ – സരുൺ റാവു

പിഎസി-468387/-

MB.No.-27580/22

ചെലവ് വിവരം –1) Rs-552697/-ബിൽ നം-22/22-23, Dt.29.03.23

ഈ റോഡു നിർമ്മാണ പ്രവർത്തിയിൽ 97 മീറ്റർ നീളത്തിലും 3.5 മീറ്റർ വീതിയിലും നിലവിലുള്ള WBM റോഡ് സ്കാരിഫൈ ചെയ്ത് മെറ്റലിംഗും ടാറിംഗും നടത്തുക എന്നതായിരുന്ന പദ്ധതി. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 339.50$m^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് ഇനം 3 ആയി WMM എന്ന പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 15cm. കനത്തിൽ ആകെ 50.925 $M^3$ ചെയ്തിട്ടുണ്ട്. ആയതിന് $M^3$ന് 3753/-നിരക്കിൽ 1,91,121/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ 10.08.16-ലെ No.DB-3/6512/2013/CE/LSGD സർക്കുലർ പ്രകാരം 75mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 75 Mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അതനുസരിച്ച് ഈ പ്രവൃത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 25.46$m^3$ മാത്രമാണ്(50.925 $M^3$/2). 3753/$m^3$ രൂപ നിരക്കിൽ 25.46$m^3$ ന് അനുവദനീയമായ തുക = 25.46$m^3$ X 3753/$m^3$ = 95,551/- രൂപ

അധികം നൽകിയത് = 191121 – 95551 = 95570/-രൂപ

ഒട്ടാകെ അധികം നൽകിയത് = 96856/- + 95570/- = 1,92,426/- രൂപ

മേൽ അപാകതകൾക്കും, മേൽ സൂചിപ്പിച്ച പ്രകാരം അധിക ചെലവിന് കാരണമാകുന്ന രീതിയിൽ പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/08.08.2023) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 1,92,426/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-30 എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിക്കുന്നത് മൂലം അധിക ചെലവ്-

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ച താഴെചേർക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കാണ നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 798.27/$m^3$ (DSR-2018-1.002, സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ

എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 374.21/$m^3$ (MoRD സ്പെസിഫിക്കേഷൻ കോഡ്-3.5.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം തുക നൽകാനുമിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/08.08.23) ലഭ്യമാക്കിയ മറുപടിയിൽ "റോഡ് പ്രവൃത്തികളിൽ MORD സ്പെസിഫിക്കേഷൻ ഉൾപ്പെടുത്താൻ 15.05.2019-ന് നടന്ന ചീഫ് എൻജിനീയറുടെ മീറ്റിംഗിൽ തീരുമാനമായതും, ആയതിന്റെ അടിസ്ഥാനത്തിൽ 10.02.19-ന് ഈ കാര്യാലയത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ യോഗം നടത്തുകയുണ്ടായതായും, പ്രസ്തുത യോഗം, റോഡ് പ്രവൃത്തികൾക്ക് കോമൺ ഡേറ്റ ഉണ്ടാക്കി MORD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാനും തീരുമാനിച്ചു." അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയുടെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനും തീരുമാനിച്ചു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് കോമൺ ഡേറ്റപ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് 21.06.2019-ൽ എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴ, എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും, അസിസ്റ്റന്റ് എൻജിനീയർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. അതിൻപ്രകാരമാണ് കാണ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 പ്രകാരമുള്ള നിരക്ക് അനുവദിച്ചു നൽകിയിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്കു നിശ്ചയിച്ച് നൽകി പ്രവൃത്തി നിർവ്വഹിച്ചത് മൂലം അധികം തുക ചെലവഴിക്കപ്പെട്ടതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | അനുദിച്ച തുക | അനുവദ നീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം (ബിൽ നം.) |
|---|---|---|---|---|---|---|
| 1. | പുറക്കാട് ഗ്രാമ പഞ്ചായത്ത്- W-16- തോപ്പിൽ പുരയിടം മുതൽ സ്മൃതി വനം വരെ ഓടയും സ്ലാബും നിർമ്മാണം. 4945/23 | സജി ജെ. | 15 $M^3$ @798.27 = 11974/- | 15 $M^3$ @374.21/$m^3$ = 5613/- | 6,361/- | 350/22-23, 29-03-23, 4,95,000/-രൂപ |
| 2. | അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്- W-16- അപ്പക്കൽ വീട് മുതൽ പള്ളിക്കൽ ബാബുവിന്റെ വീട് വരെ കാന നിർമ്മാണം. 28/21-22 | സലിം പി.എം. | 82.66 $M^3$(അളവുപുസ്തകം പ്രകാരം 57.60$m^3$ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് അളവിൽ നിജപ്പെടുത്തി) @798.27 = 65984/- | 82.66 $M^3$ @374.21/$m^3$ = 30932/- | 35,052/- | 30/22-23, 03-08-22, 3,88,316/-രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | ആകെ | | 41,413/- | |

കോമൺ ഡേറ്റാ തയ്യാറാക്കിയപ്പോൾ ഇപ്രകാരം എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക നിശ്ചയിച്ച് നൽകി പ്രവൃത്തി നിർവ്വഹിച്ചത് മൂലം വൻ തുക അധികം ചെലവഴിക്കപ്പെടുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കാന്റീൻ വാടക 20,000/- രൂപ കുടിശ്ശിക

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ വനിതാ കാന്റീൻ നടത്തുന്നത് നവധാര കുടുംബശ്രീയാണ്. ഇവരുമായി 08.08.22-ൽ ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം പ്രതിമാസം 5,000/-രൂപയാണ് വാടക നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഡിസംബർ വരെയുള്ള വാടക മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഡിസംബർ മുതൽ മാർച്ച് വരെയുള്ള വാടക കുടിശ്ശികയായ ഇരുപതിനായിരം രൂപ (5000x4=20000/-) ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/8.03.23-ന് നൽകിയ മറുപടിയിൽ ഡിസംബർ മുതലുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരസ്യചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിച്ചില്ല-1,093/-രൂപ അധികം നൽകി

2022-23 സാമ്പത്തിക വർഷങ്ങളിലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലായിരുന്നുവെങ്കിലും (8cmx3cm)=24 സർക്കാർ നിർദ്ദേശാനുസൃതമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ.(പി) നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)1/2011/ പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മാതൃഭൂമി പത്രത്തിൽ 09.03.23-ന് നൽകിയ പരസ്യം ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് മേൽ പരസ്യത്തിന് ബില്ല് പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ | നിരക്ക് | ആകെ നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയത് | പ്രൊസീഡിംഗ്സ് നം. | ചെക്ക് നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | സ്ക്വയറിൽ) | | | | | | | |
| 1 | 04.07.20 | മാതൃഭൂമി | | 24sq Cm | 290 | 7308<br>(Sgst-2.5%= 174<br>Cgst2.5% 174) | 3x8=24cm @290 =6960/-<br>15% ഡിസ്കൗണ്ട് =1044<br>6960-1044= 5916<br>+5%ടാക്സ്<br>=6215 | 1093 | C.70/22/ 29/ 03/23 | XY-6195690/ 29-03-23 (7308) | 15% ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല |

## 3-2 ബോർഡ് സ്ഥാപിക്കാതെ തുക നൽകി

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ താഴെചേർക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 09.03.23-ന് ചുവടെ രേഖപ്പെടുത്തിയിട്ടുള്ള വർക്ക് സൈറ്റുകളിൽ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1. | അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്- W-16- അപ്പക്കാരന്റെ വീട് മുതൽ പള്ളിപ്പറമ്പിൽ ബാബുവിന്റെ വീടിന് കിഴക്കുവശം വരെ കാണ.<br>പ്രോജക്ട് നം.S0085/23 | അളവുപുസ്തകം -28/21-22 ൽ പേജ് 22 ൽ ബോർഡ് സ്ഥാപിച്ചതായി കാണിച്ച് 3025/- രൂപ മൂല്യം നിർണ്ണയിച്ച് തുക നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടു.<br>(ബിൽ നം- 30/22-23,dt.03.08.22.) |

| | | |
|---|---|---|
| 2. | പുറക്കാട് പഞ്ചായത്ത്- W-16- തോപ്പിൽ പുരയിടം മുതൽ സ്മൃതിവനം വരെ കാണയും കവർ സ്ലാബും നിർമ്മാണം. പ്രോജക്ട് നം.S0116/23 | അളവുപുസ്തകം -4945/23 ൽ പേജ് 4 ൽ ബോർഡ് സ്ഥാപിച്ചതായി കാണിച്ച് 3025/- രൂപ മൂല്യം നിർണ്ണയിച്ച് തുക നൽകിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ ബോർഡ് സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടു. (ബിൽ നം.- 350/22-23,dt.29.03.23.) |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/10.08.23) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ ബോർഡ് കരാറുകാരനെ കൊണ്ട് സൈറ്റിൽ സ്ഥാപിച്ച്, ഫോട്ടോ സഹിതം കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ചെയ്യാത്ത പ്രവൃത്തി അളവുപുസ്തകത്തിൽ ചെയ്തതായി രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ച് നൽകിയത് സംബന്ധിച്ച് നൽകിയിട്ടുള്ള ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈയിനത്തിൽ നടത്തിയ 6,050/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ബോർഡ് അടിയന്തരമായി സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

### 3-3 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയില്ല

ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹിച്ച താഴെചേർക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ കാണ നിർമ്മാണത്തിന് എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയതിലൂടെ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ബില്ലിൽ നിന്നും മണ്ണിന്റെ വില കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/അളവു പുസ്തകം | കരാറുകാരൻ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ്. | വില ($M^3$ന് 400/- രൂപ നിരക്കിൽ) | ചെലവു വിവരം (ബിൽ നം.) |
|---|---|---|---|---|---|
| 1. | പുറക്കാട് ഗ്രാ.പഞ്ചാ.- W-16- തോപ്പിൽ പുരയിടം മുതൽ സ്മൃതി വനം വരെ ഓടയും സ്ലാബും നിർമ്മാണം. 4945/23 | സജി.ജെ | 15 $M^3$ | 6,000/- | 350/22-23, 29-03-23, 4,95,000/-രൂപ |

| | | | | | |
|---|---|---|---|---|---|
| 2. | അമ്പലപ്പുഴ വടക്ക് ഗ്രാ.പഞ്ചാ.-W-16-അപ്പക്കൻ വീട് മുതൽ പള്ളിക്കൽ ബാബുവിന്റെ വീട് വരെ കാന നിർമ്മാണം.<br>28/21-22 | സലിം പി.എം. | 82.66 $M^3$ | 33,064/- | 30/ 22-23,03-08-22, 3,88,316/-രൂപ |
| 3. | പുന്നപ്ര തെക്ക് ഗ്രാ.പഞ്ചാ.-ശ്രീദേവി ഓഡിറ്റോറിയം റോഡിന് കാണ നിർമ്മാണം-21/21-22 | മുഹമ്മദ് ഹസ്സൻ | 93.70 $M^3$ | 37,480/- | 03/22-23, 21-06-22, 53,786/-രൂപ (ഫൈനൽ ബിൽ) |
| | | | ആകെ | 76,544/- | |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/08.08.23) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് കാണയുടെ സൈഡ് ഫില്ലിംഗിനും, ബാക്കി വന്നതിൽ കുറെ ഭാഗം തോടിന് ബണ്ട് പിടിപ്പിക്കുന്നതിനും, കാണയുടെ ഇരുവശങ്ങളിലുമുള്ള റോഡിന്റെ ഭാഗം ഉയർത്തുന്നതിനുമായി ഉപയോഗിച്ചുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മുകളിൽ ക്രമ നം.1, 2 എന്നീ പ്രവൃത്തികളുടെ സൈറ്റ് ഓഡിറ്റിന്റെ ഭാഗമായി നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ, പുറക്കാട് ഗ്രാമ പഞ്ചായത്തിൽ-W-16-തോപ്പിൽ പുരയിടം മുതൽ സ്മൃതി വനം വരെ ഓടയും സ്ലാബും നിർമ്മാണം എന്ന പ്രവൃത്തിയിൽ നിർമ്മിച്ചിട്ടുള്ള കാണയുടെ ഇരുവശവും നിലവിൽ കോൺക്രീറ്റ് റോഡാണ്. ആയതിനാൽ തന്നെ തോടിന് ബണ്ട് പിടിപ്പിക്കുന്നതിന് ഉപയോഗിച്ചുവെന്നത് അംഗീകരിക്കാവുന്നതല്ല. അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്-w-16-അപ്പക്കൻ വീട് മുതൽ പള്ളിക്കൽ ബാബുവിന്റെ വീട് വരെ കാന നിർമ്മാണം എന്ന പ്രവർത്തി സൈറ്റിൽ പോയി നേരിട്ട് പരിശോധിച്ചതിൽ, മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ നടുക്കു കൂടി കാണ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇരു വശവും വൻകുഴിയായിതന്നെ സ്ഥിതി ചെയ്യുകയാണ്. അതുകൊണ്ട് തന്നെ കുഴിച്ചെടുത്ത 82.66 $M^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ലായെന്നാണ് പരിശോധനയിൽ കാണവാൻ കഴിഞ്ഞത്. അമിതജോലി ഭാരം മൂലം ഈ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞില്ലായെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ മറുപടി അംഗീകരിക്കുന്നില്ല. മണ്ണിന്റെ വിലയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്ന 76,544/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3-4 WMM-അനവദനീയമായ കനത്തിലും കൂടുതലായി നിർവ്വഹിച്ചു-അധികം ചെലവ് 1,92,426/- രൂപ

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവൃത്തികളിൽ നിലവിലുള്ള മെറ്റലിംഗ് റോഡ് സ്കാരിഫൈയിംഗ് നടത്തി ലഭിച്ച മെറ്റലിന്റെ അളവ് കുറവ് ചെയ്യാതെ 15 Cm. കനത്തിൽ വീണ്ടും WMM ചെയ്തത് മൂലം അധികം ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.ബോട്ട് കളം-പ്രീ-മെട്രിക് ഹോസ്റ്റൽ – പറത്തറ പറമ്പ് റോഡ്-W-6- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് -

പ്രോജക്ട് നം. – S0013/23

കരാറുകാരൻ – സരുൺ റാവു

പിഎസി-409855/-

MB.No.-22798/22

ചെലവ് വിവരം –1) Rs-483629/-ബിൽ നം-301/22-23, Dt.22.03.23

മേൽ രേഖപ്പെടുത്തിയിട്ടുള്ള റോഡു നിർമ്മാണ പ്രവൃത്തിയിൽ 108 മീറ്റർ നീളത്തിലും 3.5 മീറ്റർ വീതിയിലും നിലവിലുള്ള WBM റോഡ് സ്കാരിഫൈ ചെയ്ത് മെറ്റലിംഗും ടാറിംഗും നടത്തുക എന്നതായിരുന്നു പദ്ധതി. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 378m$^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് ഇനം 2 ആയി WMM എന്ന പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 0.15cm.കനത്തിൽ ആകെ 56.549 M$^3$ ചെയ്തിട്ടുണ്ട്. ആയതിന് M$^3$ന് 3425 നിരക്കിൽ 1,93,680/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ 10.08.16-ലെ No.DB-3/6512/2013/CE/LSGD സർക്കുലർ പ്രകാരം 75mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഈ പ്രവൃത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 28.27m$^3$ മാത്രമാണ്. (56.549 M$^3$/2)m$^3$ന് 3425/m$^3$ രൂപ നിരക്കിൽ 28.27m$^3$ ന് അനുവദനീയമായ നിരക്ക് = 28.27m$^3$ X 3425/m$^3$ = 96,824/- രൂപ

അധികം നൽകിയത് = 193680 – 96824 = 96,856/-രൂപ

2.ബോട്ട് കളം-പ്രീ-മെട്രിക് ഹോസ്റ്റൽ – പറത്തറ പറമ്പ് റോഡ്-W-6- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്

പ്രോജക്ട് നം. – S0013/23

കരാറുകാരൻ – സരുൺ റാവു

പിഎസി-468387/-

MB.No.-27580/22

ചെലവ് വിവരം –1) Rs-552697/-ബിൽ നം-22/22-23, Dt.29.03.23

ഈ റോഡു നിർമ്മാണ പ്രവൃത്തിയിൽ 97 മീറ്റർ നീളത്തിലും 3.5 മീറ്റർ വീതിയിലും നിലവിലുള്ള WBM റോഡ് സ്കാരിഫൈ ചെയ്ത് മെറ്റലിംഗും ടാറിംഗും നടത്തുക എന്നതായിരുന്നു പദ്ധതി. അളവു പുസ്തകം പേജ് -1 ഇനം 1 ആയി 339.50m$^2$ സ്കാരിഫൈയിംഗ് നടത്തിയിട്ടുണ്ട്. തുടർന്ന് ഇനം 3 ആയി WMM എന്ന പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമുള്ള 15cm.കനത്തിൽ ആകെ 50.925 M$^3$ ചെയ്തിട്ടുണ്ട്. ആയതിന് M$^3$ന് 3753/-നിരക്കിൽ 1,91,121/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. LSGD ചീഫ് എൻജിനീയറുടെ 10-08-16 ലെ No.DB-3/6512/2013/CE/LSGD സർക്കുലർ പ്രകാരം 75mm കനത്തിൽ നിലവിൽ WBM ചെയ്തിട്ടുള്ള റോഡുകളിൽ WMM രണ്ടാമത്തെ ലയർ 75mm കനത്തിൽ നിർവ്വഹിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അതനുസരിച്ച് ഈ പ്രവൃത്തിക്ക് ആവശ്യമായ WMM ന്റെ അളവ് 25.46m$^3$ മാത്രമാണ്(50.925 M$^3$/2). 3753/m$^3$ രൂപ നിരക്കിൽ 25.46m$^3$ ന് അനുവദനീയമായ നിരക്ക് = 25.46m$^3$ X 3753/m$^3$ = 95,551/- രൂപ

അധികം നൽകിയത് = 191121 – 95551 = 95,570/-രൂപ

ഒട്ടാകെ അധികം നൽകിയത് = 96856/- + 95570/- = 1,92,426/- രൂപ

മേൽ അപാകതകൾക്കും, മേൽ സൂചിപ്പിച്ച പ്രകാരം അധിക ചെലവിന് കാരണമാകുന്ന രീതിയിൽ പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/08.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 1,92,426/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക : മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2022-2023 | 95950 | പിഎംഎവൈ (എസ് ടി ഭവനം) | 95,950 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-2023 | 4,05,000 | C (എസ് സി ഭവനം) | 4,05,000 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-2023 | 19,60,000 | പിഎംഎവൈ (ജനറൽ) | 19,60,000 | 0 |
| ജില്ലാപഞ്ചായത്ത് | 2022-2023 | 5,00,000 | പിഎംഎവൈ (എസ് സി ഭവനം) | 3,00,000 | 2,00,000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

### 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

### 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,39,46,240/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,38,76,314/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 20,000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,76,113/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 52,89,355/- |

(ബി) ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 20,000/- | | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 3-1 | | 1,093/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 3-2(1) | | 3,025/- | ശ്രീമതി സ്മിത ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(2) | | 3,025/- | ശ്രീ.ജിത്തുരാജ് ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3(1) | | 6,000/- | ശ്രീമതി സ്മിത ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3(2) | | 33,064/- | ശ്രീ.ജിത്തുരാജ് ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3(3) | | 37,480/- | ശ്രീ.ഷാരോൺ സുധാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 1,92,426/- | ശ്രീമതി സ്മിത ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 20,000/- | 2,76,113/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 21,85,999/- | ശ്രീ.സന്തോഷ് കുമാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |

| | | |
|---|---|---|
| 1-13 | 3,00,000/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-15 | 26,877/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-16 | 2,55,000/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-17 | 92785/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-18 | 7,06,606/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-19 | 4,00,000/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-20 | 40,088/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-21 | 43,000/- | ശ്രീ.ഹമീദ് കുട്ടി ആശാൻ സി.എച്ച്., സെക്രട്ടറി |
| 1-28 | 12,39,000/- | ഡോ.അനുപമ വി.ജി. അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, യുഎച്ച്റ്റിസി |
| ആകെ | 52,89,355/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3179/- ഖണ്ഡിക നം 1-23 -സന്തോഷ് കുമാർ, അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹമീദ്കുട്ടിആശാൻ സി. എച്ച്., സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | നന്തിയത്ത്, മണ്ണഞ്ചേരി പി.ഒ., ആലപ്പുഴ |
| ശ്രീമതി സ്മിത ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | LID&EW സബ്ഡിവിഷൻ, അമ്പലപ്പുഴ | നിരഞ്ജനം, ചുനക്കര നോർത്ത്, ചുനക്കര പി.ഒ., ആലപ്പുഴ |
| ശ്രീ.ജിത്തുരാജ് ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | ചീഫ് എഞ്ചിനീയർ ഓഫീസ്, തിരുവനന്തപുരം | പാരിജാത, റ്റിസി-11/135, കനകനഗർ, നന്തൻകോട്, കവടിയാർ പി.ഒ., തിരുവനന്തപുരം. |
| ശ്രീ.ഷാരോൺ സുധാകരൻ അസിസ്റ്റന്റ് എൻജിനീയർ | LID&EWസെക്ഷൻ പിറവം മുനിസിപ്പാലിറ്റി | പറമ്പിൽ ഹൌസ്, തോണ്ടൻകുളങ്ങര അവലൂക്കുന്ന് പി.ഒ., ആലപ്പുഴ |
| ശ്രീ.സന്തോഷ് കുമാർ എസ്. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, അമ്പലപ്പുഴ | നന്ദനം, ദേവസ്വംപറമ്പ് അമ്പലപ്പുഴ, ആലപ്പുഴ |
| ഡോ.അനുപമ വി.ജി. | മെഡിക്കൽ ഓഫീസർ യുഎച്ച്റ്റിസി അമ്പലപ്പുഴ | വീണ, ചിത്രനഗർ, പൂജപ്പുര പി.ഒ., തിരുവനന്തപുരം |

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1998-99 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1999-00 | എൽ.എഫ്. 5/ബി.പി.അദാലത്ത്/26/65 /14/21.03.14 |
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.09.2006 |
| 2001-02 | എൽ.എഫ്.എ7/131/06/06.06.06/18/07.06 |
| 2002-03 | എൽ.എഫ്.എ7/229/07/09.05.07/04.06.2007 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/04.06.2007 |
| 2004-05 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത് /26(66)/14 /22.03.14 |
| 2005-06 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത്/26 (67)/14/ 22.03.2014 |
| 2006-07 | എൽ.എഫ്.ജി.എ5/ ബി.പി. അദാലത്ത് /26(68)/14/ 22.03.2014 |
| 2007-08 | എൽ.എഫ്.ജി.എ5/ ബി.പി. അദാലത്ത്/ 26(69) /14/ 22.03.2014 |
| 2008-09 | എൽ.എഫ്.എ.ബി.പി.1291/10/31.03.11 |

| | |
|---|---|
| | /30.04.2011 |
| 2009-10 | എൽ.എഫ്.എ.ബി.പി.1292/10/31.03.11/ 30.04.11 |
| 2010-11 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2011-12 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2012-13 & 2013-14 | എൽ.എഫ്.എ.ബി.പി.1478/14/05.12.2014 |
| 2014-15 & 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി- 272/17/ 15.03.2017/28.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി- 1446/17 /11.12.2017/14.12.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി- 235/19 /25.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/ബി.പി-306/20 /11.05.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/ബി.പി-591/22 /14.07.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-592/22 /15.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ബി.പി- 79/23/31.03.2023 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 17-05-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Ambalapuzha Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ambalapuzha Block Panchayat for the year 2022-2023

Date: 12/10/2023

Senior Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Ambalapuzha Block Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.Ratios,the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3.Advance Register, Deposit Register, Grant Appropriation Cntrole Register, Asset Register not maintained properly for audit

4. Liability amount of Performance Grant as per Balance Sheet does not match with the amount in bank

account

5.Gramasabha expence and Printing charge wrongly credited under the head Advance to Implementing Officers

Senior Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്